# <u>ലേല പരസ്യം</u>

കോഴിക്കോട് സിറ്റി കുന്നമംഗലം പോലീസ് സ്റ്റേഷൻ പരിസരത്ത് അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന 10 എണ്ണം തെങ്ങുകൾ, 12 എണ്ണം പനകൾ, 1.24 പാറകം എന്നിവ കുന്നമംഗലം പോലീസ് സ്റ്റേഷൻ പരിസരത്ത് വെച്ച് 23.03.2023 തിയ്യതി കാലത്ത് 11.00 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുന്നതാണ്.

## <u>ലേല നിബന്ധനകൾ</u>

1 .ലേലത്തിൽ പങ്കെടുക്കുന്നവർ ലേലസ്ഥലത്തും സമയത്തും ഹാജരാകേണ്ടതും നിരദ്രവ്യമായ 700 രൂപ (എഴുനൂറുരൂപ ) അടക്കേണ്ടതാണ്.

2 .ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആൾക്ക് ലേലം ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതും ലേലം ബഹുമാനപ്പെട്ട സിറ്റി പോലീസ് കമ്മീഷണർ ശരിവെച്ച ശേഷം ബാക്കി തുക അനുബന്ധ നികുതികൾ സഹിതം അടക്കേണ്ടതുമാണ്.

3 .മരങ്ങൾ നീക്കം ചെയ്യുമ്പോൾ ഗവണ്മെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുക്കൾക്ക് കേടുപാടുകളോ ആളുകൾക്ക് അപകടമോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങിനെ വല്ലതും സംഭവിച്ചാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കും.

4 .ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസിത്തിനകം മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

5 .ലേലം ഉറപ്പിച്ച ശേഷം ലേലക്കാരന് ഉണ്ടാവുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല.

6 .ലേലം മാറ്റിവെക്കുന്നതിനും നിർത്തിവെക്കുന്നതിനും, നടന്ന ലേലം തന്നെ വ്യക്തമായ കാരണങ്ങളാൽ അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ബഹു. സിറ്റി പോലീസ് കമ്മീഷണർ അവർകളിൽ നിക്ഷിപ്തമാണ്.

7 .ലേല വസ്തു ലേലതിയ്യതിക്ക് അഞ്ച് ദിവസം മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ കുന്നമംഗലം എസ്.എച്ച്.ഒ യുടെ അനുമതിയോട് കൂടി പരിശോധിക്കാവുന്നതാണ്.

8 .ലേലം കൊള്ളുന്ന വ്യക്തി നിയമപ്രകാരമുള്ള നികുതി അടക്കേണ്ടതാണ്.

സമർപ്പണം.

13/3/23

ഇൻസ്പെക്ടർ ഓഫ് പോലീസ്
കുന്നമംഗലം പോലീസ് സ്റ്റേഷൻ
കോഴിക്കോട് സിറ്റി

KUNNAMANGALAM POLICE STATION
Date 13/3/23
KOZHIKODE CITY, KERALA-673 571